**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3852 — 21/06/2019 ൽ മറുപടിക്ക്

**ബാംബൂ കോർപ്പറേഷന്റെ നവീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പൊതുമേഖലാസ്ഥാപനമായ ബാംബൂ കോർപ്പറേഷന്റെ നവീകരണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുൻപാകെ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കിഴിലുള്ള നാഷണൽ ബാംബൂ മിഷൻ (NBM) കേരളത്തിന് 2018-19 ൽ അനുവദിച്ച പദ്ധതികളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) നാഷണൽ ബാംബൂ മിഷൻ അംഗീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ പദ്ധതികളുടെ വിശദ വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു. |

(തുക ലക്ഷത്തിൽ)

| പദ്ധതികളുടെ വിശദവിവരം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| 1. 588 ഹെക്ടർ സർക്കാർ പഞ്ചായത്ത് / തരിശു ഭൂമി ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റി ലാന്റ് എന്നിവിടങ്ങളിൽ ഉയർന്ന സാന്ദ്രതയുള്ള മുളന്തോട്ടം നിർമ്മാണത്തിന് NBM അനുവദിച്ചത് 294.00 ലക്ഷം രൂപ | 176.40 | 117.60 |
| 2. മൂന്ന് മുള സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് NBM അനുവദിച്ചത് 30 ലക്ഷം രൂപ | 18.00 | 12.00 |
| 3. രണ്ട് ലൈവ് ലിഹുഡ് ബിസിനസ് ഇൻകുബേറ്റേഴ്സിന് NBM അനുവദിച്ച തുക 200 ലക്ഷം രൂപ | 120.00 | 80.00 |

| | | |
|---|---|---|
| 4. പതിനഞ്ച് മൂല്യവർദ്ധിത മുള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റിന് NBM അനുവദിച്ച തുക 225.00 ലക്ഷം | 135.00 | 90.00 |
| 5. മുള മാലിന്യ പ്രാഥമിക സംസ്കരണ യൂണിറ്റ് (1 എണ്ണം) NBM അനുവദിച്ച തുക 12.50 ലക്ഷം | 7.50 | 5.00 |
| 6.ഒരു ഫർണിച്ചർ നിർമ്മാണ യൂണിറ്റിന് NBM അനുവദിച്ച തുക 12.50 ലക്ഷം | 7.50 | 5.00 |
| 7.മുള കൊണ്ടുള്ള സാമ്പ്രാണിതിരി നിർമ്മാണ യൂണിറ്റിന് (1 എണ്ണം) NBM അനുവദിച്ച തുക 12.50 ലക്ഷം | 7.50 | 5.00 |
| 8. കോമൺ ഫെസിലിറ്റി സെന്ററിന് (1 എണ്ണം) NBM അനുവദിച്ച തുക 12.50 ലക്ഷം | 7.50 | 5.00 |
| 9. മുള കൊറുഗേറ്റഡ് ഷീറ്റ് നിർമ്മാണയൂണിറ്റിന് (1 എണ്ണം) NBM അനുവദിച്ച തുക 60.00 ലക്ഷം | 36.00 | 24.00 |
| 10.മുള ഡിപ്പോയും ഗോഡൗണും സ്ഥാപിക്കുന്നതിന് (1 എണ്ണം) NBM അനുവദിച്ച തുക 50.00 ലക്ഷം | 30.00 | 20.00 |
| 11. അഞ്ച് മുള ബസാറിന് NBM അനുവദിച്ച തുക 75.00 ലക്ഷം | 45.00 | 30.00 |
| **ആകെ 984.00** | **590.40** | **393.60** |

യഥാർത്ഥത്തിൽ, സമർപ്പിക്കപ്പെട്ട പദ്ധതി പ്രകാരം ആകെ പദ്ധതിച്ചെലവ് 2541 ലക്ഷം രൂപയുടേതാണ്. മേൽ സൂചിപ്പിച്ച 984 ലക്ഷം രൂപയ്ക്കു പുറമേ 1,263 ലക്ഷം രൂപ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ വിഹിതമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമാണ്. അത് കൂടാതെ ഒന്നാമത്തെ ഇനത്തിൽ സൂചിപ്പിച്ച

| | | | |
|---|---|---|---|
| | | | 294 ലക്ഷം രൂപയുടെ വിനിയോഗത്തിനു ശേഷം മറ്റൊരു 294 ലക്ഷം രൂപ കൂടി ഇതേ ഘടകത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുമുണ്ട്. |
| (സി) | ഇതിനായി കേന്ദ്ര സർക്കാർ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വിനിയോഗിക്കുന്നത് ഏത് ഏജൻസി വഴിയാണ് ; | (സി) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലുകളിൽ അംഗീകരിച്ച മേൽ പദ്ധതികളുടെ മൊത്തം തുകയായ 984 ലക്ഷം രൂപയിൽ കേന്ദ്ര വിഹിതം 590.4 ലക്ഷം രൂപയും സംസ്ഥാന വിഹിതം 393.6 ലക്ഷം രൂപയുമാണ്. മേൽപ്പറഞ്ഞ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും സംസ്ഥാന ബാംബൂമിഷന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. തുക ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ബാംബൂ മിഷൻ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾക്ക് നാഷണൽ ബാംബൂ മിഷന്റേയും, സൂക്ഷ്മ-ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈമാറുന്നതാണ്. പദ്ധതികൾ നടപ്പിലാക്കുന്ന ബാംബൂകോർപ്പറേഷൻ വഴിയാണ് തുക വിനിയോഗിക്കുന്നത്. |
| (ഡി) | സംസ്ഥാന ബാംബൂ മിഷന് ഇക്കാര്യത്തിലുള്ള പങ്ക് എന്താണ് ; വിശദീകരിക്കുമോ? | (ഡി) | കേരളത്തിൽ നാഷണൽ ബാംബൂ മിഷന്റെ നിർദ്ദേശ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ബാംബൂ മിഷനെ ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ നാഷണൽ ബാംബൂ മിഷൻ കേരളയുടെ ഡയറക്ടറായി ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്ത് നാഷണൽ ബാംബൂ മിഷന്റെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുള അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ പദ്ധതികളെ കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി യോഗങ്ങൾ കൂട്ടുകയും ഇതിൻ പ്രകാരം വിവിധ |

ഏജൻസികളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ സംസ്ഥാന ബാംബൂ മിഷൻ ക്രോഡീകരിച്ച് സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ശുപാർശയോടെയാണ് നാഷണൽ ബാംബൂ മിഷന് അംഗീകാരത്തിനായി സമർപ്പിക്കുക. അംഗീകാരം ലഭിച്ച പദ്ധതികൾ ബാംബൂ ഡവലപ്പ്മെന്റ് ഏജൻസിയായ കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന ബാംബൂകോർപ്പറേഷനാണ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്. ഈ പദ്ധതികളുടെ തുക വിനിയോഗവും പുരോഗമന വിവരങ്ങളും കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേനയാണ് നാഷണൽ ബാംബൂ മിഷനിൽ സമർപ്പിക്കുന്നത്.

സെക്ഷൻ ഓഫീസർ